9413
27/5/19

File No.FWLD-A1/37/2019-FWLD

'ഭരണഭാഷ- മാതൃഭാഷ'

കേരള സർക്കാർ

<u>സംഗ്രഹം</u>

പെരിയാർ തടാകത്തിൽ സ്പീഡ് ബോട്ട് എൻജിൻ നഷ്ടപ്പെട്ടത് - അച്ചടക്ക നടപടി - ശ്രീ.റോമി മാത്യു സമർപ്പിച്ച ഹർജി - പരിഗണിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

വനം വന്യജീവി (എ) വകുപ്പ്

സ.ഉ.(സാധാ) നം.152/2019/വനം തിരുവനന്തപുരം, തീയതി, 20/04/2019

പരാമർശം:- (1) 17.11.2011 ലെ ട്രൈബൽ മിഷൻ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ ബി9-12847/2008 നമ്പർ ഉത്തരവ്

(2) 31.03.2012 ലെ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ & ചീഫ് വൈൽഡ് ലൈഫ് വാർഡന്റെ ബി9-12847/2008 നമ്പർ ഉത്തരവ്

(3) 19.01.2018-ലെ സ.ഉ.(സാധാ) നം. 25/2018/വനം

(4) 16.07.2018 തീയതിയായി ശ്രീ.റോമി മാത്യു, സീനിയർ സൂപ്രണ്ട് (റിട്ട.) സമർപ്പിച്ച ഹർജി

<u>ഉത്തരവ്</u>

പെരിയാർ ഈസ്റ്റ് ഡിവിഷൻ തേക്കടി ഓഫീസിലെ ഒരു ബോട്ടിന്റെ എൻജിൻ 31.07.1999-ൽ പെരിയാർ തടാകത്തിൽ ആഴ്ന്ന് പോവുകയുണ്ടായി. ഇതുമായി ബന്ധപ്പെട്ട് അന്വേഷണം നടത്തിയതിൽ ബോട്ടിന്റെ എൻജിൻ നഷ്ടപ്പെട്ടതിന് ഉത്തരവാദി വള്ളക്കടവ് റെയിഞ്ചാഫീസറായിരുന്ന ശ്രീ.വി.എൽ.രവീന്ദ്രൻ നായർ ആണെന്നും എൻജിൻ നഷ്ടപ്പെട്ടത് പ്രകാരം 1,11,173/- രൂപയുടെ സർക്കാർ നഷ്ടം സംഭവിച്ചതായും കണ്ടെത്തി. ടി വിഷയത്തിൽ അച്ചടക്ക നടപടി സ്വീകരിക്കുന്നതിനുള്ള കുറ്റപത്രം യഥാസമയം അംഗീകാരത്തിന് സമർപ്പിക്കാതെ കാലതാമസം വരുത്തിയതു വഴി കുറ്റാരോപിതനായ റെയിഞ്ചോഫീസർ പെൻഷൻ പറ്റി പിരിഞ്ഞ് പോകുന്നതിന് മുമ്പായി ടിയാന്റെ പേരിൽ ശിക്ഷണ നടപടികൾ എടുക്കുന്നതിനും സർക്കാർ നഷ്ടം ഈടാക്കുവാനും കഴിയാതെ വന്നു.

2) തുടർന്ന് കാലതാമസം വരുത്തിയതിന് ഉത്തരവാദികളിൽ ഒരാളായ, തിരുവനന്തപുരം വന്യജീവി വിഭാഗം ചീഫ് കൺസർവേറ്റർ ഓഫ്

ഫോറസ്റ്റ് ഓഫീസിലെ യു.ഡി.ക്ലാർക്കായ ശ്രീ.റോമി മാത്യുവിന് 17.10.2007 തീയതിയായി കുറ്റപത്രം നൽകി നടപടി ആരംഭിക്കുകയും ടിയാനിൽ നിന്നും സർക്കാർ നഷ്ടത്തിന്റെ ആനുപാതികവിഹിതമായ 37,508/- രൂപ ഈടാക്കിക്കൊണ്ട് പരാമർശം (1) പ്രകാരം അച്ചടക്ക നടപടി തീർപ്പാക്കുകയും ചെയ്തു. ഇതിനെതിരെ ടിയാൻ സമർപ്പിച്ച അപ്പീൽ പരാമർശം (2) പ്രകാരം നിരസിച്ചു.തുടർന്ന് സമർപ്പിക്കപ്പെട്ട റിവ്യൂഹർജിയും പരാമർശം (3) പ്രകാരം നിരസിച്ചുത്തരവായി.

3) റിവ്യൂഹർജി നിരസിച്ചതിന്മേൽ, ശിക്ഷ പുനഃപരിശോധിക്കുന്നതിന് പരാമർശം ( 4 ) പ്രകാരം ടിയാൻ ഹർജി സമർപ്പിക്കുകയും നേരിൽ കേൾക്കുന്നതിന് അഭ്യർത്ഥിക്കുകയും ചെയ്തു. തുടർന്ന് ടിയാനെ നേരിൽ കേൾക്കുകയുണ്ടായി. ടി ഹർജിയിലെ വാദങ്ങളും അതിന്മേലുള്ള ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ റിപ്പോർട്ടും ബന്ധപ്പെട്ട ഫയലുകളും നേരിൽ കേൾക്കുന്ന വേളയിൽ ഉന്നയിച്ച വാദങ്ങളും പരിശോധിച്ചു.

4) 31.07.1999-ലാണ് അച്ചടക്ക നടപടിയ്ക്ക് ആധാരമായ സംഭവം നടക്കുന്നത്. 10.01.2000-ത്തിലെ കത്ത് പ്രകാരം ശ്രീ.രവീന്ദ്രൻ നായരാണ് ഇതിനുത്തരവാദി എന്ന് ഫീൽഡ് ഡയറക്ടർക്ക് റിപ്പോർട്ട് സമർപ്പിച്ചിരുന്നു. ചാർജ് മെമ്മോ നൽകാൻ 16.02.2001-ൽ ഫീൽഡ് ഡയറക്ടർക്ക് ഡെപ്യൂട്ടി ഡയറക്ടർ പ്രോജക്ട് ടൈഗർ നിർദ്ദേശിച്ചു. എന്നാൽ 04.04.2002-ൽ ഡ്രാഫ്റ്റ് ചാർജ് മെമ്മോ തയ്യാറാക്കി 29.04.2002-ൽ കുറ്റപത്രം അയയ്ക്കുകയും 16.05.2002-ൽ അത് വൈൽഡ് ലൈഫ് വാർഡന്റെ ഓഫീസിൽ ലഭിക്കുകയുമുണ്ടായി. എന്നാൽ ഇക്കാര്യത്തിൽ അനന്തര നടപടി സ്വീകരിച്ചത് ശ്രീ.രവീന്ദ്രൻ നായർ വിരമിച്ചതിനും ശേഷം 15.06.2002-ൽ ആയിരുന്നു. ഈ വിഷയത്തിൽ കുറ്റക്കാരായി കണ്ടെത്തിയവരിൽ സർവ്വീസിലുള്ള 3 പേർക്ക് എതിരെയാണ് അച്ചടക്ക നടപടി സ്വീകരിച്ചത്.

5) ഇക്കാര്യത്തിലെ ഔപചാരിക അന്വേഷണത്തിൽ ശ്രീ.റോമി മാത്യുവിന്റെ ഭാഗത്ത് ഗുരുതരവും മനപ്പൂർവ്വവുമായ വീഴ്ച സംഭവിച്ചു എന്നാണ് കണ്ടെത്തിയിട്ടുള്ളത്. അത് തികച്ചും അബദ്ധ ജഡിലമായ ഒരു റിപ്പോർട്ടായിരുന്നു. 1999-ൽ നടന്ന സംഭവത്തിന് കുറ്റപത്രവും/കുറ്റാരോപണ പത്രികയും തയ്യാറാക്കി അയച്ചത് കുറ്റാരോപിതന്റെ വിരമിക്കൽ തീയതിക്കു 56 ദിവസം മുൻപ് മാത്രം. അത് വീണ്ടും 26 ദിവസം വൈകിച്ച്, 16.05.2002-ൽ ചീഫ് വൈൽഡ് ലൈഫ് വാർഡന്റെ ഓഫീസിൽ ലഭിക്കുന്നു. അത് ആദ്യം WL 3 സെക്ഷനു മാർക്ക് ചെയ്യുന്നു, പിന്നീട് WL 5 സെക്ഷനു നൽകുന്നു. പക്ഷെ രണ്ടാമത് നൽകിയ തീയതിയെക്കുറിച്ച് ഒരു വ്യക്തതയുമില്ല. WL 5 സെക്ഷനിൽ ലഭിച്ചതിനാലാണ് ഇക്കാര്യത്തിൽ റോമി മാത്യു ഉൾപ്പെടുന്നത്. മനപൂർ വ്വമല്ലെങ്കിലും 15.06.2002-ൽ മാത്രമാണ് മേലധികാരത്തിലേയ്ക്ക് ഫയൽ സമർപ്പണം നടന്നത്. പക്ഷെ തപാൽ മാറ്റി മാർക്ക് ചെയ്ത ഉദ്യോഗസ്ഥനെയോ ശ്രീ.റോമി മാത്യുവിന്റെ മേലുദ്യോഗസ്ഥരെയോ ഇതിൽ

കുറ്റക്കാരായി കണ്ടെത്തിയിട്ടില്ല.

6) 31.05.2002-ൽ ശ്രീ.രവീന്ദ്രൻ നായർ വിരമിച്ച ശേഷം തുടർ നടപടി സ്വീകരിക്കുന്നതിനായി സർക്കാരിൽ സമർപ്പിച്ച റിപ്പോർട്ടിന്മേൽ കാലതാമസത്തിനു ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്നും നഷ്ടം ഈടാക്കാം എന്ന് സർക്കാർ നിർദ്ദേശിച്ചു. അതോടെ ശ്രീ.രവീന്ദ്രൻ നായർ കുറ്റത്തിൽ നിന്നും ഒഴിവായി. വിരമിച്ച ജീവനക്കാരനെതിരെ നടപടി സ്വീകരിക്കാനുള്ള ചട്ടപ്രകാരം ടിയാനെതിരെ നടപടി തുടർന്നില്ല. രണ്ട് അച്ചടക്ക നടപടികളും ഒന്നിച്ച് കൊണ്ടുപോകാമായിരുന്നുവെങ്കിലും അത് നടന്നില്ല. പരസ്പരമുള്ള കത്തിടപാടുകൾക്കൊടുവിൽ 18.06.2007-ലെ സർക്കാർ കത്തിലെ കർശന നിർദ്ദേശത്തിനു ശേഷം ഇതിൽ തുടർ നടപടികൾ ആരംഭിച്ചു. ഈ കാലഘട്ടത്തിനിടയ്ക്ക് സമയബന്ധിതമായി നടപടി സ്വീകരിക്കാത്തതിന് കാരണക്കാരായ ഭൂരിഭാഗം ഉദ്യോഗസ്ഥരും വിരമിക്കുകയും സർവ്വീസിലുണ്ടായിരുന്ന മൂന്നുപേർക്ക് നറുക്കുവീഴുകയുമുണ്ടായി. 3 വർഷത്തെ കാലതാമസം നിമിത്തമുള്ള അച്ചടക്ക നടപടി വിഷയത്തിലെ തുടർ നടപടിയ്ക്ക് പിന്നീട് 5 വർഷത്തോളം കാലതാമസം വന്നിട്ടുണ്ട്.

7) ഒരുപാട് പാളിച്ചകൾ വന്ന ഒരു സംഗതി, ബോട്ട് എൻജിൻ ശരിയായി ഘടിപ്പിക്കാത്തതുമുതൽ ആനുപാതിക സർക്കാർ നഷ്ടം നിജപ്പെടുത്തിയതുവരെയുള്ള കാര്യങ്ങൾ ഒന്നും തന്നെ ഒരു ക്രമത്തിലുമല്ലായിരുന്നു. യഥാർത്ഥത്തിലെ കുറ്റക്കാരനെ ശിക്ഷിക്കാൻ നിയമമുണ്ടായിട്ടും അതിനുമുതിരാതെ ഈ മൂന്നുപേരെയും ബലിയാടാക്കുകയായിരുന്നു. സമയത്ത് നടപടി എടുക്കാത്തതിന് 1 0 പേരെ കുറ്റക്കാരായി കണ്ടെത്തിയെങ്കിലും സർവ്വീസിലുണ്ടായിരുന്ന മൂന്നുപേർക്കെതിരെ മാത്രമാണ് അച്ചടക്ക നടപടി സ്വീകരിച്ചത്.ശ്രീ.റോമി മാത്യു മറ്റൊരു സീറ്റിലെ ജോലി ചെയ്തതാണ് ടിയാനെതിരെ നടപടി വരാൻ കാരണം. 16.05.2002-ൽ WL 3 സീറ്റിൽ വന്ന ഈ ഫയൽ എന്ന് റോമി മാത്യുവിന് നൽകി എന്ന് വ്യക്തമേയല്ല. അത്തരമൊരു സാഹചര്യത്തിൽ ടിയാൻ പറയുന്നത് മാത്രമേ മുഖവിലയ്ക്കെടുക്കാൻ സാധിക്കുകയുള്ളു. 20.05.2002-നാണ് അത് ശ്രീ.റോമി മാത്യുവിന് ലഭിച്ചത്. റിട്ടയർമെന്റ് കഴിഞ്ഞസ്ഥിതിയ്ക്ക് എന്ത് അനന്തര നടപടി സ്വീകരിക്കാനാവും എന്ന ഉത്തരവിനായി 15.06.2002-ലാണ് അത് സമർപ്പിച്ചിരിക്കുന്നത്. റോമി മാത്യുവിന്റെ ഭാഗത്ത് വീഴ്ചവന്നു, പക്ഷെ ആ വീഴ്ചയ്ക്ക് ആനുപാതികമായ ശിക്ഷയല്ല ടിയാന് നൽകിയിട്ടുള്ളത്. മാത്രവുമല്ല ആ വീഴ്ചയ്ക്ക് ടിയാൻ മാത്രമായി ഉത്തരവാദിയാവുകയുമില്ല.

8) ആകെ സംഭവിച്ച പാളിച്ചകൾ കണക്കിലെടുക്കുമ്പോൾ റോമി മാത്യുവിന്റെ വീഴ്ച തുലോം കുറവാണ്. മറ്റൊരു സീറ്റിലെ ജോലി ടിയാൾക്ക് കൈമാറി നൽകിയ ഉദ്യോഗസ്ഥന്റെ ഭാഗത്തും മേൽനോട്ടത്തിൽ വീഴ്ച വന്നതായി കണക്കാക്കപ്പെടേണ്ടതാണ്. മേൽ സാഹചര്യത്തിൽ വിരമിച്ച ഒരു ഉദ്യോഗസ്ഥന്റെ സാമ്പത്തിക സന്തുലിനം തെറ്റിച്ച് ഈടാക്കിയ ആനുപാതിക വിഹിതം തിരികെ നൽകുന്നതിനും ഏതാനും ദിവസത്തെ കാലതാമസത്തിന്

ഇത്രയും വില ഈടാക്കുന്നതിനെക്കാളും ആകെ സംഭവിച്ച വീഴ്ചയുടെ തോത് കണക്കിലെടുത്ത് ശ്രീ.റോമി മാത്യുവിന് മാപ്പ് നൽകിക്കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

9)ശ്രീ.റോമി മാത്യുവിന്റെ ഡി .സി.ആർ. ജി. യിൽ നിന്നും ഈടാക്കിയ തുക തിരികെ നല്കുന്നതിനുള്ള നടപടി ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് തലത്തിൽ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഷീല എം

അണ്ടർ സെക്രട്ടറി

ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്

ശ്രീ.റോമി മാത്യു, സീനിയർ സൂപ്രണ്ട് (റിട്ട.)

(ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ്

കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം

പൊതുജന വിവര സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signature valid

Digitally signed by BIJI K
Date: 2019.04.2? 12:02:49 IST
Reason: Approved

സെക്ഷൻ ഓഫീസർ